II.ഇ. ബി. XII – കേരള നിയമസഭ/XII-7

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 സെപ്റ്റംബർ 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19(*181) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിനിയോഗം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് 16-02-2006-ലെ സർക്കാർ ഉത്തരവ് പ്രകാരവും മുനിസിപ്പാലിറ്റികളുടെ തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് 30-08-2000-ലെ ഉത്തരവുപ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തനത് ഫണ്ടിന് തുല്യമായി കണക്കാക്കുന്ന ജനറൽ പർപ്പസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് 09-12-2004-ലെയും 16-2-2006-ലെയും 15-03-2008-ലെയും ഉത്തരവുകൾ വഴി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ തുക വിനിയോഗിക്കാൻ കൂടുതൽ അധികാരങ്ങൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ആ പണം വിനിയോ

ഗിക്കുന്ന കാര്യത്തിൽ തടസ്സമില്ല. ഉൽഘാടനങ്ങൾ, ദിനാചരണങ്ങൾ, അവാർഡ് ദാനങ്ങൾ, പ്ളാൻ ഫണ്ടുമായി നേരിട്ട് ബന്ധമില്ലാത്ത ദുരിതാശ്വാസം പോലുള്ള കാര്യങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ പരിധി കഴിഞ്ഞാൽ മാത്രമേ സർക്കാരിൽ വരേണ്ട ആവശ്യമുള്ളൂ. പഞ്ചായത്ത് ഭരണ സമിതികൾക്ക് വർക്കുകൾക്ക് അംഗീകാരം നൽകാൻ പറ്റുന്ന തുകയുടെ പരിധി കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാം. അറ്റകുറ്റപ്പണികൾ സംബന്ധിച്ച് എസ്റ്റിമേറ്റ് അനുസരിച്ചുള്ള സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ചെയ്യുകയും അതിന് പുറത്തുള്ളത് വിനിയോഗിക്കുന്നതിന് മുമ്പ് സർക്കാരിന്റെ അനുവാദം വാങ്ങേണ്ടതുമാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജനറൽ പർപ്പസ് ഫണ്ട് അനുവദിക്കുന്നതിനാൽ ഒരു പഞ്ചായത്തിനും തനത് ഫണ്ടില്ലാത്ത അവസ്ഥ സംജാതമാകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിച്ചു നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പഠിച്ച് ശുപാർശ നൽകാൻ 4-ാം ധനകാര്യ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ലൈസൻസ് ഫീസ് പുതുക്കുന്ന നടപടിക്രമങ്ങൾ നടന്നുവരികയാണ്. നീണ്ട നാളുകളായി പുതുക്കാതെ കിടക്കുന്ന വസ്തുനികുതി പരിഷ്ക്കരിക്കാൻ നിയമ നടപടി പൂർത്തീകരിച്ചുവരുന്നു. സ്വയം തൊഴിലെടുക്കുന്ന പ്രൊഫഷണൽസിനെക്കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രോപ്പർട്ടി ടാക്സ് സമയബന്ധിതമായി പിരിച്ചെടുക്കു

ന്നതിനുള്ള സംവിധാനം സ്വീകരിക്കുന്നതാണ്. കേരളത്തിലെ ഏതാണ്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും താഴ്ന്ന നികുതി നിരക്കിലുള്ള സ്ലാബാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. അത് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. വികസനപ്രവർത്തനങ്ങൾക്കും ഉൽപ്പാദനമേഖലയ്ക്കും ഊന്നൽ നൽകണമെന്ന പൊതുധാരണയുടെ അടിസ്ഥാനത്തിൽ പശ്ചാത്തല വികസനത്തിന് ഈ വർഷത്തെ പ്ളാനിൽ 20 ശതമാനമെന്നുള്ളത് 30 ശതമാനം തുകയായി ഉയർത്താനുള്ള അനുവാദം നൽകുന്നതോടൊപ്പം അധികം നൽകുന്ന പത്തു ശതമാനം തുക നിലവിലുള്ള റോഡുകളുടെ മെയിന്റനൻസിന് ഉപയോഗിക്കണമെന്നും നിർദ്ദേശിക്കുന്നതാണ്. . തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ട് ദുർവിനിയോഗം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. തനത് ഫണ്ട് ഉപയോഗിച്ചശേഷം മിച്ചം വരുന്ന പണം പ്ളാനിൽപ്പെടുത്തി ഡി.പി.സി.-യുടെ അംഗീകാരത്തോടുകൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പുനർവിന്യസിക്കപ്പെട്ട 500-ഓളം ടെക്നിക്കൽ സ്റ്റാഫിനെ തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്. പ്രത്യേക സ്കീമുകൾക്കുവേണ്ടി സാങ്കേതിക വിദഗ്ദ്ധരെ ഓണറേറിയം നൽകി നിയമിക്കാനുള്ള അധികാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകളുടെ തനത് ഫണ്ട് വിനിയോഗം ഉൾപ്പെടെയുള്ള മുഴുവൻ സാമ്പത്തിക ഇടപാടുകളും പെർഫോമൻസ് ആഡിറ്റ് മുഖേനയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖേനയും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ മുഖേനയും ആഡിറ്റിന് വിധേയമാക്കുന്നുണ്ട്. ഇതിനുപുറമെ ലോക്കൽ ഫണ്ട് ആഡിറ്റ് കാര്യക്ഷമമായി നടത്തുന്നതിന് കംപ്ട്രോളർ ആന്റ് ആഡിറ്റർ

ജനറലിന്റെ കീഴിലുള്ള ടെക്നിക്കൽ ഗൈഡൻസ് ആന്റ് സൂപ്പർവിഷൻ സ്കീം മുഖാന്തിരം സാങ്കേതിക സഹായം നൽകി വരുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ 2007-08 വരെയുള്ള കണക്കുകൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളും സമർപ്പിച്ചുകഴിഞ്ഞു. 2008-09 -ലെ കുറച്ച് കുടിശ്ശികയുണ്ട്. ഈ സംവിധാനം നിലനിർത്തിക്കൊണ്ടുപോകാൻ ആവശ്യമായ അക്കൗണ്ടന്റ് തസ്തിക എല്ലാ പഞ്ചായത്തുകളിലും സൃഷ്ടിച്ചിട്ടുണ്ട്. പ്രൊമോഷൻ പോസ്റ്റിലൂടെ വരുന്നവർ വേണ്ട പരിശീലനവും ക്വാളിഫിക്കേഷനും നേടിയിരിക്കണമെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. പഞ്ചായത്ത് ജീവനക്കാർക്ക് കൊടുക്കുന്ന പരിശീലന പരിപാടികൾ വർദ്ധിപ്പിക്കാനും മെച്ചപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. അനിവാര്യമായിട്ടുള്ള പദ്ധതിച്ചെലവുകൾക്കുപോലും ഫണ്ടില്ലാത്ത പഞ്ചായത്തുകളുടെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഒരു ഫിനാൻഷ്യൽ കോഡ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം വേനൽക്കാലത്ത് ചെയ്യേണ്ട പ്രവൃത്തികൾ, കാർഷിക വൃത്തികൾ, മെയിന്റനൻസ് തുടങ്ങിയവയ്ക്കുള്ള ആദ്യഗഡു ഡി.പി.സി.-യുടെ അംഗീകാരത്തോടുകൂടി നൽകുന്നതാണ്. ഏതാണ്ട് എല്ലാ പഞ്ചായത്തുകളും പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. സമ്പ്രദായം നടപ്പിലാക്കുന്നത് കേരളത്തിന് വളരെ ഗുണകരമാണ്. എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ-ഹോമിയോ ഡിസ്പെൻസറികളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന കാര്യത്തിലുണ്ടായിട്ടുള്ള പ്രശ്നം റിവ്യൂ ചെയ്യുന്നതാണ്. ബ്ലോക്കിലെ എ.ഇ.മാർ എസ്റ്റിമേറ്റ് എടുത്ത് നടത്തിയിരുന്ന വർക്കുകൾ അതാതു പഞ്ചായത്തിലെ എ.ഇ.-മാർ എസ്റ്റിമേറ്റ് എടുത്ത് ബ്ളോക്കിൽ കൊടുക്കണമെന്നുള്ള നിബന്ധന പദ്ധതികൾ നടപ്പാക്കാൻ കാലതാമസം വരുത്തുന്നുണ്ടെന്നുള്ള

പരാതിയെ സംബന്ധിച്ച് റിവ്യൂ നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പ്ളാൻ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ടുള്ള കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നുള്ള ആക്ഷേപം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഉമ്മൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കാനായി ചെറിയ പലിശയ്ക്ക് വായ്പ നൽകുന്ന കേരള പ്രാദേശിക സർക്കാർ വികസന നിധി എന്ന പേരിൽ ഒരു ഫണ്ടിന് ഈ വർഷം രൂപം നൽകിയിട്ടുണ്ട്. വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക് കൂടുതൽ പണം നൽകണമെന്നുള്ള പ്രശ്നം നാലാം ധനകാര്യ കമ്മിഷൻ മുമ്പാകെ ഉന്നയിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതികളുടെ നിയമപരമായ തീരുമാനങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്തുകളിൽ സോഷ്യൽ ആഡിറ്റ് സംവിധാനം നടപ്പാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

20 (*182) <u>പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ വികസനം</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിന്റെ 20 ശതമാനം ഉപയോഗിച്ചും റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചും റോഡ് വികസന പദ്ധതികൾ തയ്യാറാക്കി വരുന്നുവെന്നും 992 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സാമ്പത്തിക ഉത്തേജക പാക്കേജിന്റെ

(Economic Stimulus Package) ഭാഗമായി ഉദ്ദേശം 500 കോടി രൂപ ലക്ഷ്യമിടുന്ന. ഒരു പ്രത്യേക പദ്ധതി ഒക്ടോബർ-നവംബർ മാസത്തോടുകൂടി തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളാണ് ഈ പാക്കേജിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഒക്ടോബർ മാസത്തിനുള്ളിൽ ഓരോ ഗ്രാമപഞ്ചായത്തും പദ്ധതികൾ തയ്യാറാക്കുകയും അത് ഡി.പി.സി. യിലും സംസ്ഥാനതലത്തിലും പരിശോധിച്ച് അംഗീകാരം നൽകുന്നതുമാണ്. ഗ്രാമീണറോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനായി 1250 കോടി രൂപയുടെ പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഈ വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് പൂർണ്ണമായിട്ട് 200 കോടി രൂപ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യാനും പത്ത് ശതമാനം ഫണ്ട് കൂടുതൽ റോഡിനുവേണ്ടി നീക്കിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് ഏപ്രിൽ മാസത്തെ ഗഡുവായ 250 കോടി രൂപ അഡ്വാൻസായിട്ട് കൊടുക്കുകയും അത് പൂർണ്ണമായി മെയിന്റനൻസിന് മാത്രമായി ഉപയോഗിക്കണമെന്ന് ഉറപ്പു വരുത്തുന്നതുമാണ്. റോഡ് മെയിന്റനൻസിനുള്ള പണം പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന നടത്താൻ ഉത്തരവ് നൽകുന്നതാണ്. റോഡിന്റെ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് നൽകുന്നത് ജനറൽ പ്ലാൻ ഫണ്ട് നൽകുന്നതിന് ഭൂ വിസ്തൃതി ഒരു ഘടകമാണ്. പി.എം.ജി.എസ്.വൈ പദ്ധതികൾ ടെണ്ടർ വിളിച്ച് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. എട്ട് മീറ്റർ വീതിയുള്ള കണക്റ്റിവിറ്റിയില്ലാത്ത ഹാബിറ്റേഷൻ കണ്ടെത്തി റോഡ് നെറ്റ് വർക്ക് ഉണ്ടാക്കാൻ പ്രയാസ

മാണ്. ഇപ്പോഴുള്ള കോർ നെറ്റ് വർക്കിൽ പല റോഡുകളുമില്ല. കേരളത്തിലെ എല്ലാ ഗ്രാമീണറോഡുകളിലും യൂട്ടിലിറ്റി മാറ്റേണ്ട ആവശ്യം വരുന്നതും കോൺട്രാക്ടർമാർ കുടുതൽ തുക ആവശ്യപ്പെടുന്നതുമെല്ലാം പരിഗണിച്ച് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കണമെന്ന് ആലോചിക്കുന്നതാണ്. ടെണ്ടർ എക്സസ്സ് 10 ശതമാനത്തിൽ നിന്ന് 15 ശതമാനമായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഗ്രാന്റ് വാർഡുകൾക്കായി പങ്കു വയ്ക്കുന്നത് അവസാനിപ്പിക്കാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. അതിനായി ബ്ളോക്ക് അടിസ്ഥാനത്തിൽ റോഡ് മാപ്പ് തയ്യാറായിക്കഴിഞ്ഞു. ഗ്രാമീണറോഡ് ഭൂപടം തയ്യാറാക്കുന്നതുകൊണ്ട് പഞ്ചായത്തുകൾക്ക് പതിനൊന്നാം പദ്ധതിയിലെ മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ കണക്റ്റിവിറ്റി പ്ലാനിന് ശാസ്ത്രീയമായി രൂപം നൽകാനും. പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയ്ക്ക് (പി.എം.ജി. എസ്.വൈ) വേണ്ടിയുള്ള കോർ നെറ്റ് വർക്ക് പുതുക്കുവാനും കഴിയും. റോഡ് മാപ്പ് പൂർണ്ണമായും വന്നുകഴിഞ്ഞാൽ റോഡുകളുടെ മെയിന്റനൻസ് ഏറ്റെടുക്കുന്നതിനും ടേൺ ശാസ്ത്രീയമായി നിശ്ചയിക്കുന്നതിനും കഴിയുന്നതാണ്. ശാസ്ത്രീയമായ റോഡ് നിർമ്മാണ രീതിയിലേയ്ക്ക് അടുത്ത വർഷം മുതൽ പോകാൻ കഴിയുമെന്ന് കരുതുന്നു. ഗ്രാമീണ റോഡുകളുടെ ഭൂപടങ്ങൾ ഇന്റഗ്രേറ്റ് ചെയ്ത് സ്റ്റേറ്റ് ലെവൽ മാപ്പ് തയ്യാറാക്കുന്നതാണ്. പഞ്ചായത്ത്/പി.ഡബ്ളിയു.ഡി. റോഡുകൾ കൃത്യമായി സ്ഥാനനിർണ്ണയം ചെയ്ത് ഈ വർഷം തന്നെ അവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറേണ്ട ഉദ്യോഗസ്ഥരുടെ കാര്യത്തിൽ തീരുമാ

നമെടുത്തുവെങ്കിലും കേസ് നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ മറ്റു പ്രതിവിധികൾ തേടുന്നതാണെന്ന് മന്ത്രി അറിയിച്ചു.

21(*183) ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണം

ധനകാര്യവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പെൻഷൻ തീയതി മാർച്ച് 31 ആയി ഏകീകരിച്ചില്ലായിരുന്നെങ്കിൽ പ്രവേശന തസ്തികകളിൽ ഉണ്ടാകുമായിരുന്ന പബ്ളിക് സർവ്വീസ് കമ്മിഷൻ നിയമനത്തിന് ഭംഗം വരാതിരിക്കാൻ പ്രസ്തുത നിയമനത്തിന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പബ്ളിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് 4-7-09-ൽ ഉത്തരവ് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഓരോ ത്രൈമാസത്തെയും തസ്തികകൾ മുൻകൂറായി സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ 10-9-09-ലെ സർക്കുലർ പ്രകാരം ഒരു വർഷത്തേയ്ക്ക് ഉണ്ടാകുമായിരുന്ന മുഴുവൻ തസ്തികകളും സൂപ്പർ ന്യൂമററി ആയി സൃഷ്ടിക്കുന്നതിനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇപ്രകാരം വിവിധ വകുപ്പുകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഒഴിവ് നികത്തുന്ന നടപടിക്രമം പുരോഗമിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1291 മുതൽ 1471 വരെയുള്ള ചോദ്യങ്ങളിൽ 100 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)